**ഭരണഭാഷ-മാതൃഭാഷ**

നം: ബി3-31695/2016.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം.
തീയതി: 12/09/2018.

## സർക്കുലർ

വിഷയം:- ജലസേചനം -ജീവനക്കാര്യം - ക്ലർക്കുമാർക്ക് സീനിയർ ക്ലർക്കുമാരായി സ്ഥാനക്കയറ്റം - സർവ്വീസ് കാർഡ് ലഭ്യമാക്കുന്നത്- സംബന്ധിച്ച്:

സൂചന: - ഐ.സി.3/29745/15 തീയതി 01.11.2016.

ജലസേചനവകുപ്പിൽ സീനിയർ ക്ലർക്കുമാരായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് സൂചനയിലെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നം: 600 വരെയുള്ള എൽ.ഡി. ക്ലർക്കുമാരിൽ നിന്നും സർവ്വീസ് കാർഡ് ക്ഷണിക്കുന്നു. ടി ജീവനക്കാർ സർവ്വീസ് കാർഡും ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയ, വകുപ്പുതല പരീക്ഷകൾ വിജയിച്ച സർട്ടിഫിക്കറ്റുകളുടെ പകർപ്പും **29.09.2018** -നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പെൻ നമ്പർ, സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ എന്നിവ സർവ്വീസ് കാർഡിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ടെസ്റ്റ് ഇളവിന് അർഹതയുള്ള ജീവനക്കാർ പ്രസ്തുത വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. 50 വയസ്സ് പൂർത്തിയായ വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടില്ലാത്ത ക്ലർക്കുമാർ സർവ്വീസ് കാർഡിനോടൊപ്പം സേവനപുസ്തകവും സമർപ്പിക്കേണ്ടതാണ്. തസ്തികമാറ്റം വഴി സീനിയർ ക്ലർക്കാകാൻ അർഹതയുള്ള യു.ഡി. ടൈപ്പിസ്റ്റുമാർ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പും സർവ്വീസ് കാർഡിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

സ്ഥാനക്കയറ്റത്തിനായി സർവ്വീസ് കാർഡ് നേരത്തെ സമർപ്പിച്ചിട്ടുള്ളവർ സർവ്വീസ് കാർഡ് വീണ്ടും സമർപ്പിക്കേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ചീഫ് എഞ്ചിനീയർമാർ / സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ / എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ / അസിസ്റ്റന്റ് എഞ്ചിനീയർമാർ.